**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ച ഡോക്ടമാരുടെ യഥാർത്ഥ സട്രെങ്ത് എത്ര; പ്രസ്തുത വിഭാഗങ്ങളിൽ പോസ്റ്റിംഗ് ചെയ്തതും നിലവിൽ ഡ്യൂട്ടിയിൽ ഉള്ളതുമായ ഡോക്ടർമാരുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ച ഡോക്ടമാരുടെ യഥാർത്ഥ സ്ട്രെങ്ത്; ഒഴിവു വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.<br><br>നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ എല്ലാം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി എസ് സി യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് നികത്തിവരുന്നു.<br><br>ചില വിഭാഗങ്ങളിൽ PSC വഴി എൻട്രി കേഡർ നിയമനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ, ചില വിഭാഗങ്ങളിൽ എൻട്രി കേഡർ നിയമനങ്ങൾ സുഗമമായി നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്. ആശുപത്രികളുടെ സുഗമമായ നടത്തിപ്പ് കണക്കാക്കി യോഗ്യരായ അദ്ധ്യാപകരെ PSC വഴി സ്ഥിരം നിയമനം നടത്തുന്ന കാലയളവ് വരെ നിയമപരമായ നടപടികൾ സ്വീകരിച്ച് നേരിട്ട് നിയമനം നൽകുന്നതിന് അതാത് കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അനധികൃതമായി ജോലിക്ക് ഹാജരാകാത്ത പത്തോളജി വിഭാഗത്തിലെ മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാക്കെതിരെയുള്ള അച്ചടക്ക നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് ഒഴിവുകൾ വരുന്ന പക്ഷം പി.എസ്.സി വഴി നിയമനം നടത്തുന്നതാണ്. |
| (ബി) | സൂപ്പർ സെപെഷ്യാലിറ്റി ബ്ലോക്കിന് മുൻവശം എം പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; വിശ്രമ കേന്ദ്രം വേഗത്തിൽ | (ബി) | എം പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ കേന്ദ്രം കോവിഡ് മഹാമാരിയുടെ കാലത്ത് കോവിഡ് രോഗികളെ കിടത്തുന്നതിനായി ഉപയോഗിച്ചിരുന്നു. പിന്നീട് ഫർണിച്ചറുകളുടെ അഭാവം മൂലവും കേടുപാടുകൾ മൂലവുമാണ് പ്രവർത്തനം നിലച്ചത്. |

| | | | |
|---|---|---|---|
| | തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | ഔട്ട്സോഴ്സ് ചെയ്ത് ഒരു നോമിനൽ ഫീസ് ഈടാക്കി വിശ്രമ കേന്ദ്രം പുനർ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | ആശുപത്രിയിലെ കാരുണ്യ ഫാർമസിയിലും മെഡിക്കൽ ബാങ്കിലും അനുഭവപ്പെടുന്ന മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കീഴ്ഘടക സ്ഥാപനമായ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിലവിൽ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നില്ല. ഇടനിലക്കാരെ പൂർണമായും ഒഴിവാക്കി മരുന്ന് കമ്പനികളുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശൽ നടത്തി മരുന്നുകൾ സംഭരിച്ചു വിതരണം ചെയ്തു വരുന്നു. ഈ പ്രക്രിയ പ്രകാരം 8000 -ൽ പരം ബ്രാൻഡഡ് മരുന്നുകൾ കൗണ്ടർ വഴി ഏറ്റവും കുറഞ്ഞ വില ഈടാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ അർബുദ ചികിത്സാ മരുന്നുകൾ വിലകുറച്ചു നൽകുന്നതിനായി 14 ജില്ലകളിലെ തിരഞ്ഞെടുത്ത ഒരു കാരുണ്യ ഫാർമസിയിൽ കാരുണ്യ സ്പർശം (സീറോ പ്രോഫിറ്റ്) ആന്റി കാൻസർ കൗണ്ടർ 29.08.2024 -ന് ആരംഭിക്കുകയുണ്ടായി. പൊതു വിപണിയിൽ ലഭ്യമാകുന്ന എല്ലാവിധ മരുന്നുകളും പരമാവധി വിലക്കുറവിൽ ആലപ്പുഴ മെഡിക്കൽ കോളേജ് പരിസരത്ത് പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലും ലഭ്യമാക്കുന്നതിനുള്ള നടപടികളും കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. |
| (ഡി) | മെഡിക്കൽ ഐ.സി.യു.വിന്റെ തകരാറ് പരിഹരിച്ച് എത്രയും വേഗം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും മാമോഗ്രാഫി പരിശോധന പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | മെഡിക്കൽ ഐ.സി.യു. -വിൽ എയർ കണ്ടീഷന്റെ തകരാർ പരിഹരിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഉടൻ തന്നെ തകരാർ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ മാമോഗ്രാഫി മെഷീൻ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. |
| (ഇ) | റേഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും രോഗികളുടെ പരിശോധനക്കായി നിലവിലുണ്ടാകുന്ന താമസം ഒഴിവാക്കാൻ കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ഇ) | നിലവിൽ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർ അനധികൃതാവധിയിലാണ്. ടിയാളുകൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് ഒഴിവുകൾ വരുന്ന പക്ഷം പി.എസ്.സി. വഴി നിയമനം നടത്താവുന്നതാണ്. |
| (എഫ്) | രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ രാത്രികാല പോസ്റ്റ് മോർട്ടം ആരംഭിച്ചിട്ടില്ല. എന്നാൽ ഒരു ദിവസം ഇൻക്വസ്റ്റ് പൂർത്തിയായ എല്ലാ പോസ്റ്റ്മോർട്ടം പരിശോധന അപേക്ഷകളും സ്വീകരിച്ച് പോസ്റ്റ് മോർട്ടം നടത്തി ബന്ധുക്കൾക്ക് മൃതദേഹം യഥാസമയം കൈമാറുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ക്ലിനിക്കൽ വിഭാഗം

| | PROFESSOR | | | ASSOCIATE PROFESSOR | | | ASSISTANT PROFESSOR | | |
|---|---|---|---|---|---|---|---|---|---|
| Department | Sanctioned | Existing | vacancy | Sanctioned | Existing | vacancy | Sanctioned | Existing | vacancy |
| General Medicine | 3 | 3 | 0 | 4 | 4 | 0 | 13 | 11 | 2 |
| Cardiology | 1 | 1 | 0 | 1 | 1 | 0 | 4 | 4 | 0 |
| Neurology | 2 | 2 | 0 | 0 | 0 | 0 | 2 | 2 | 0 |
| Radio Diagnosis | 1 | 1 | 0 | 1 | 1 | 0 | 5 | 5 | 0 |
| Orthopaedics | 1 | 1 | 0 | 2 | 2 | 0 | 10 | 8 | 2 |
| ENT | 1 | 1 | 0 | 1 | 1 | 0 | 6 | 6 | 0 |
| OBG | 2 | 2 | 0 | 3 | 2 | 1 | 16 | 8 | 8 |
| Paediatrics | 1 | 1 | 0 | 3 | 3 | 0 | 14 | 11 | 3 |
| Psychiatry | 1 | 1 | 0 | 0 | 0 | 0 | 5 | 3 | 2 |
| D&V | 2 | 2 | 0 | 1 | 1 | 0 | 7 | 1 | 6 |
| Medical Gastroenterology | 0 | 0 | 0 | 0 | 0 | 0 | 3 | 0 | 3 |
| Neonatology | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 |
| Anaesthesiology | 1 | 1 | 0 | 2 | 2 | 0 | 16 | 14 | 2 |
| Ophthalmology | 1 | 1 | 0 | 1 | 1 | 0 | 8 | 8 | 0 |
| Medical Oncology | 0 | 0 | 0 | 1 | 0 | 1 | 2 | 1 | 1 |
| Surgical oncology | 0 | 0 | 0 | 1 | 0 | 1 | 2 | 1 | 1 |
| General Surgery | 1 | 1 | 0 | 4 | 4 | 0 | 18 | 17 | 1 |
| Paediatric Surgery | 0 | 0 | 0 | 1 | 1 | 0 | 3 | 2 | 1 |
| Neuro Surgery | 1 | 1 | 0 | 0 | 0 | 0 | 4 | 3 | 1 |
| Nephrology | 1 | 1 | 0 | 1 | 1 | 0 | 2 | 1 | 1 |
| Infectious Disease | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 |
| PMR | 0 | 0 | 0 | 0 | 0 | 0 | 3 | 2 | 1 |
| Pulmonary Medicine | 1 | 1 | 0 | 1 | 1 | 0 | 2 | 2 | 0 |
| Genito Urinary Surgery | 1 | 1 | 0 | 1 | 1 | 0 | 3 | 0 | 3 |
| CVTS | 1 | 1 | 0 | 0 | 0 | 0 | 1 | 1 | 0 |
| Plastic Surgery | 0 | 0 | 0 | 1 | 1 | 0 | 2 | 1 | 1 |
| Radiotherapy | 1 | 1 | 0 | 1 | 1 | 0 | 4 | 4 | 0 |

## നോൺ ക്ലിനിക്കൽ വിഭാഗം

| DEPARTMENT | PROFESSOR | | | ASSOCIATE PROFESSOR | | | ASSISTANT PROFESSOR | | | LECTURER | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Sanctioned | Existing | vacancy | Sanctioned | Existing | vacancy | Sanctioned | Existing | vacancy | Sanctioned | Existing | vacancy |
| Anatomy | 1 | 1 | 0 | 3 | 3 | 0 | 13 | 13 | 0 | 0 | 0 | 0 |
| Community Medicine | 1 | 1 | 0 | 1 | 1 | 0 | 9 | 8 | 1 | 0 | 0 | 0 |
| Forensic Medicine | 1 | 1 | 0 | 1 | 0 | 1 | 5 | 3 | 2 | 0 | 0 | 0 |
| Physiology | 1 | 1 | 0 | 3 | 3 | 0 | 10 | 7 | 3 | 0 | 0 | 0 |
| Biochemistry | 1 | 1 | 0 | 2 | 1 | 1 | 5 | 5 | 0 | 1 | 1 | 0 |
| Pathology | 1 | 1 | 0 | 4 | 4 | 0 | 12 | 10 (3on UAA) | 2 | 1 | 1 | 0 |
| Pharmacology | 1 | 1 | 0 | 1 | 1 | 0 | 8 | 8 | 0 | 0 | 0 | 0 |
| Microbiology | 1 | 1 | 0 | 2 | 2 | 0 | 7 | 7 | 0 | 2 | 2 | 0 |
| Transfusion Medicine | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 0 |
| Cyto Pathology | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 0 | 0 | 0 |
| OncoPathology | 0 | 0 | 0 | 1 | 0 | 1 | 1 | 0 | 1 | 0 | 0 | 0 |

ഒഴിവുള്ള എൻട്രി കേഡർ അദ്ധ്യാപക തസ്തികകൾ PSC വഴി നിയമനം നൽകുന്നതു വരെ കരാർ വ്യവസ്ഥയിൽ യോഗ്യരായവരെ നിയമിച്ച് ആശുപത്രിയുടെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നുണ്ട്.

Section Officer.